നം. റ്റി.എം (2) 30369/20

കാർഷിക വികസന കർഷക
ക്ഷേമ വകുപ്പ് ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 13.08.2020.

# സർക്കുലർ

**വിഷയം** : കാർഷിക വിപണി ശക്തിപ്പെടുത്തൽ 2020-21 വിലസ്ഥിരതയ്ക്കായുള്ള വിപണി ഇടപെടൽ പദ്ധതി - ഓണസമൃദ്ധി 2020 – തുടർമാർഗ്ഗ നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

**സൂചന** : 17.07.2020 തീയതിയിലെ റ്റി.എം(2) 30369/20 നമ്പർ സർക്കുലർ.

ഓണസമൃദ്ധി 2020 വിപണികളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും, ആയത് വിജയകരമാക്കുന്നതിനുമായി സൂചന പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയത് കൃത്യമായി പാലിക്കേണ്ടതാണ്. വിപണികളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന തുടർമാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊള്ളുന്നു.

കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് അധിക മൂല്യം ലഭിക്കുന്നതിന് ഓണക്കാലത്ത് വിലവർധന പിടിച്ചു നിർത്തി, ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് സുരക്ഷിത പച്ചക്കറികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും, ഓണസമൃദ്ധി വിപണികളുടെ പങ്ക് വളരെ വലുതാണ്. ആയതിനാൽ ഓരോ ജില്ലയിലും നടത്താൻ ലക്ഷ്യമിട്ടിട്ടുള്ള വിപണികൾ(എണ്ണം) നിർബന്ധമായും നടത്തേണ്ടതാണ്. എല്ലാ ജില്ലയിൽ നിന്നും വിപണികളുടെ എണ്ണം, ഓണവിപണിയ്ക്ക് ആവശ്യമായ പച്ചക്കറികളുടെ സംഭരണം, അളവ്, മറ്റു ജില്ലകളിൽ നിന്നും സംഭരിക്കാൻ ഉദ്ദേശിക്കുന്ന അളവ്, അന്യസംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കാൻ ഉദ്ദേശിക്കുന്ന പച്ചക്കറികളുടെ അളവ് എന്നിവ സംബന്ധിച്ച കൃത്യമായ കണക്കുകൾ സൂക്ഷിക്കേണ്ടതും, ഓണപിവണി നടത്തിപ്പിന്റെ കോഡീകരിച്ച വിവരങ്ങൾ നൽകേണ്ടതുമാണ്.

ഓണസമൃദ്ധി 2020-ന്റെ സംസ്ഥാനതല ഉത്ഘാടനം ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ അവർകൾ 26.08.2020 ബുധനാഴ്ച വൈകുന്നേരം 4.00 മണിയ്ക്ക് നിർവ്വഹിക്കുന്നതാണ്. ഇത് തത്സമയം online/facebook live വഴി എല്ലായിടത്തും പ്രദർശിപ്പിക്കേണ്ടതാണ്. അതോടൊപ്പം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സംഘടിപ്പിക്കുന്ന വിപണികൾ എല്ലാം തന്നെ 26.08.2020-ന് വൈകുന്നേരം മുഖ്യമന്ത്രിയുടെ ഉത്ഘാടനത്തിനുശേഷം കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ച് നിർവ്വഹിക്കേണ്ടതാണ്. ജില്ലാ ബ്ലോക്ക്, പഞ്ചായത്തുതല ഉദ്ഘാടനങ്ങൾ അതത് തദ്ദേശസ്വയംഭരണ വകുപ്പ് പ്രതിനിധികളെ ഉൾപ്പെടുത്തി മാനദൺങ്ങൾക്കനുസൃതമായി സംഘടിപ്പിക്കേണ്ടതാണ്. ജില്ലാതല ഉത്ഘാടനങ്ങളിൽ ലഭ്യമായ മന്ത്രിമാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതാണ്. നിയോജക മണ്ഡലാടിസ്ഥാനത്തിൽ നിയമ സാമാജികരെക്കൊണ്ട് ഉത്ഘാടനം നിർവ്വഹിക്കേണ്ടതാണ്. ഇതു സംബന്ധിച്ച തീരുമാനം ഇതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റികൾക്ക് സ്വീകരിക്കാവുന്നതാണ്. കോവിഡ് 19 സാഹചര്യത്തിൽ പഞ്ചായത്തുതലത്തിൽ നിലവിലുള്ള സ്ഥിതിഗതികൾ കണക്കിലെടുത്ത് ചന്തകളുടെ സമയം ക്രമീകരിക്കേണ്ടതാണ്. എന്നാൽ എല്ലാ ഉണഭോക്താക്കൾക്കും പച്ചക്കറികൾ സുലഭമായി ലഭ്യമാക്കുന്നതിന് വേണ്ട സാഹചര്യം ഉറപ്പു വരുത്തേണ്ടതാണ്.

1. ചന്തകൾ സംഘടിപ്പിക്കുമ്പോൾ കോവിഡ് 19 മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
2. ആഭ്യന്തര സംഭരണത്തിന് പ്രാധാന്യ നൽകി കർഷകരുടെ ഉത്പന്നങ്ങൾ പരമാവധി സംഭരിക്കണം. സംഭരിക്കുന്ന ഉത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്.
3. ഓരോ ദിവസത്തേയും ഓണസമൃദ്ധി വില വിവരങ്ങൾ, ലഭ്യമായ ഇനങ്ങൾ. അളവ് എന്നിവ മാധ്യമങ്ങളിൽ നൽകണം. ലോക്കൽ ചാനലുകൾ വഴിയും ജനങ്ങളിലേയ്ക്ക് വിവരങ്ങൾ എത്തിക്കുവാൻ ശ്രദ്ധിക്കണം.
4. ഓണസമൃദ്ധി സ്റ്റാളുകൾ വളരെ ആകർഷകമായി പ്രവർത്തിപ്പിക്കേണ്ടതാണ്. ആയതിന് പഞ്ചായത്ത് സൊസൈറ്റികൾ, ബാങ്കുകൾ എന്നിവയുടെ സഹകരണം ഉറപ്പാക്കാവുന്നതാണ്.
5. പ്ലാസ്റ്റിക്ക് ഉപയോഗം തീർത്തും ഒഴിവാക്കണം. ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണം. വാഴയില, വാഴനാര്, വട്ടയില എന്നിവ ഉപയോഗിക്കാൻ സാധിക്കുന്നയിടത്ത് ഉപയോഗപ്പെടുത്തണം.
6. ഓരോ വിപണിയിലും വട്ടവട/കാന്തല്ലൂർ പ്രദേശത്തെ പച്ചക്കറികൾ, മറ്റു സംസ്ഥാനങ്ങളിലെ പച്ചക്കറികൾ, എന്നിവ സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി പ്രദർശിപ്പിക്കേണ്ടതാണ്. ഫാമുകൾ, പബ്ലിക്ക് സെക്ടർ അണ്ടർടേക്കിങ്ങ്, കുടുംബശ്രീ എന്നിവരുടെ ഉത്പന്നങ്ങൾ വിപണിവഴി ലഭ്യമാക്കേണ്ടതാണ്. ആവശ്യമുള്ള കാർഷികോത്പന്നങ്ങളുടെ പട്ടിക ഹോർട്ടികോർപ്പിനും, വി.എഫ്.പി.സി.കെ യ്ക്കും ഉടൻ തന്നെ നൽകേണ്ടതാണ്. സംഭരണത്തിലും, വിതരണത്തിലും സാധനങ്ങളുടെ ദൗർലഭ്യം ഉൾപ്പടെയുള്ള അപാകതകൾ ജില്ലാതല സമിതി യഥാസമയം പരിശോധിച്ച് പരിഹരിക്കേണ്ടതാണ്. തുറന്ന വിപണിയിലെ വില അറിയുന്നതിന് അഗ്മാർക്ക്നെറ്റ് ഡാറ്റാഓപ്പറേറ്റർമാരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ജില്ലാതലത്തിൽ ഹോർട്ടികോർപ്പിന്റെ സംഭരണ കേന്ദ്രങ്ങൾ അധികം എണ്ണം തുറക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഹോർട്ടികോർപ്പിന്റെ ജില്ലാ മാനേജർമാരുമായി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തേണ്ടതാണ്.
7. ഒരു കൃഷി ഓഫീസർക്ക് ഒന്നിൽ കൂടുതൽ ചന്തകൾ നടത്തേണ്ട സാഹചര്യമുണ്ടായാൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കീഴിലുള്ള മറ്റ് ഉദ്യോഗസ്ഥർക്ക് ചന്ത നടത്തിപ്പിന്റെ ഉത്തരവാദിത്വം പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകാവുന്നതാണ്.
8. ചന്തകളിൽ കൂടുതൽ ജനതിരക്ക് ഒഴിവാക്കുന്നതിനായി 100 രൂപ, 150 രൂപ കിറ്റുകൾ നേരത്തെ തയ്യാറാക്കി വിപണനം നടത്താവുന്നതാണ്. ഓരോ സ്ഥലത്തേയും സാഹചര്യങ്ങൾക്കനുസൃതമായി ഉചിതമായ തീരുമാനം പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ എടുക്കേണ്ടതാണ്. ഉത്പന്നങ്ങളുടെ സംഭരണ സമയത്ത് ഉദ്യോഗസ്ഥർ ശ്രദ്ധ പുലർത്തേണ്ടതാണ്. സംഭരണത്തിലും വിതരണത്തിലുമുണ്ടാകുന്ന നഷ്ടം (തൂക്കത്തിലും. തുകയിലും) കൃഷി അസിസ്റ്റന്റുമാർ / വിപണിയുടെ കൺവീനർമാർ എന്നിവർ വിലയിരുത്തി കൃഷി ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, കൃഷി ഓഫീസർമാർ/വിപണിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ ടി റിപ്പോർട്ട് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്ക് നൽകേണ്ടതുമാണ്. കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തുന്ന വിപണികളുടെ ലൊക്കേഷൻ ബ്ലോക്ക് തലത്തിൽ നിർവചിക്കേണ്ടതാണ്. കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ ടി റിപ്പോർട്ടുകളുടെ സത്യാവസ്ഥ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷം നഷ്ടം സംബന്ധിച്ച വിശദാംശങ്ങൾ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ അംഗീകരിക്കേണ്ടതുമാണ്. ഇപ്രകാരം

പരിശോധനാ വിഭാഗം വിശ്വാസത്തിലെടുക്കേണ്ടതാണ്. ഉല്പന്നത്തിന് സംഭവിക്കുന്ന പ്രതിദിന നഷ്ടത്തിന്റെ തെളിവുകൾ പ്രാതിനിധ്യ സ്വഭാവമുള്ള ഫോട്ടോകൾ ആഡിറ്റ് പൂർത്തിയാകുന്നത് വരെ കൃഷി ഭവനിൽ സൂക്ഷിക്കേണ്ടതാണ് (എ.ജി ഓഡിറ്റ് ഉൾപ്പടെ) അനുബന്ധച്ചെലവുകൾക്ക് അനുവദിച്ചിരിക്കുന്ന തുകയിൽ നിന്നും ഈ തുക കണ്ടെത്താവുന്നതാണ്. മൊബൈൽ ഫോട്ടോഗ്രാഫി ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. പ്രിൻസിപ്പൽ കൃഷി ഓഫീസർ, അസിസ്റ്റന്റ് പ്രിൻസിപ്പൽ കൃഷി ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ എന്നിവർ ഒരു ടീം ആയി ഉല്പന്നങ്ങളുടെ ഗുണമേന്മ പരിശോധന നടത്തേണ്ടതാണ്. റാൻഡം സാമ്പിളിംഗ് രീതിയിൽ വിപണികൾ തെരഞ്ഞെടുക്കേണ്ടതാണ്.

9. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഓണവിപണികൾ സംഘടിപ്പിക്കുമ്പോൾ അത്യാവശ്യം വേണ്ട സാനിറ്റൈസറുകൾ, മറ്റ് ഉപാധികൾ ലഭ്യമാക്കേണ്ടതും ഇതിനാവശ്യമായി വരുന്ന ചിലവുകൾ വിപണികളുടെ നടത്തിപ്പിനായി നൽകുന്ന തുകയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

**സംഭരണ വിതരണ നഷ്ടത്തിന്റെ റിപ്പോർട്ട്**

| ക്രമ നം. | ഉത്പന്നത്തിന്റെ പേര് | സംഭരിച്ച തീയതി | സംഭരിച്ച തുക | ഉത്പന്നത്തിന് നൽകിയ വില | വില്പന നടത്തിയ അളവ് (കിലോ ഗ്രാം) | സംഭരണ നഷ്ടത്തിന്റെ അളവ് കിലോ ഗ്രാം | സംഭരണ നഷ്ടത്തിന്റെ മൂല്യം |
|---|---|---|---|---|---|---|---|
| | | | | | | | |

കാർഷിക വികസന കർഷക ക്ഷേമ
വകുപ്പ് ഡയറക്ടർക്കു വേണ്ടി

MADHU GEORGE MATHAI
Additional Director of Agriculture (Marketing)
Directorate of Agriculture Development & Farmers Welfare Department,
Vikas Bhavan, Thiruvananthapuram - 33

പകർപ്പ് -
1) എല്ലാ കൃഷി അഡിഷണൽ ഡയറക്ടർമാർക്കും
2) എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും
3) പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ
4) മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്
5) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വി.എഫ്.പ്.സി.കെ
6) കൃഷി ഡയറക്ടറുടെ റ്റി.എ. ടു
7) വെജിറ്റബിൾ സെൽ, പ്ലാനിംഗ് സെക്ഷൻ
8) ഐ.റ്റി.സെൽ - വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
9) സ്റ്റോക്ക് ഫയൽ / സ്പെയർ.